## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 1210 03.12.2018 – ൽ മറുപടിക്ക്**

**എറണാകുളത്തെ തമ്മനം- പുല്ലേപ്പടി റോഡ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം എം.ജി.റോഡിൽ തുടങ്ങി പുല്ലേപ്പടി - തമ്മനം- ബൈപ്പാസ്-ചക്കരപ്പറമ്പ്-അറക്കക്കടവ്-പാലച്ചുവട്-ഇതിയൂർ-ചിറ്റേറ്റുകര-സീപോർട്ട് എയർപോർട്ട് റോഡ് ക്രോസ്സ് ചെയ്ത്-ഇൻഫോപാർക്ക് റോഡ് വഴി ഇടച്ചിറ വഴി എച്ച്.എം.റ്റി, മെഡിക്കൽ കോളേജ് റോഡിൽ എത്തിച്ചേരാൻ കഴിയുന്ന റോഡിന് സ്ഥലം ഏറ്റെടുക്കാൻ വേണ്ടി അനുവദിച്ച 300 കോടി രൂപ ഈ സാമ്പത്തികവർഷം തന്നെ ഉപയോഗപ്പെടുത്താൻ കർശന നടപടി സ്വീകരിക്കുമോ; | (എ) & (ബി) | തമ്മനം പുല്ലേപ്പടി റോഡിന്റെ വികസനത്തിനായി ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റ്സ് (DFIP) -ൽ ഉൾപ്പെടുത്തി 300 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നു. ഈ ഉത്തരവിനെ തുടർന്ന് ഇത് സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുകയും അലൈൻമെന്റിന് 15.12.2016 -ൽ അനുമതി നൽകുകയും ചെയ്തു. തുടർന്ന് കിഫ്ബിയിൽ ഉൾപ്പെടുത്തി 10.00 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. സ്ഥലം കോർപ്പറേഷൻ കൈമാറിയിട്ടില്ല. ഈ റോഡിന്റെ വികസനത്തിനായി ഏകദേശം 4.0163 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. 1.1934 ഹെക്ടർ ഭൂമി ഫ്രീ സറണ്ടറായി ലഭിച്ചിട്ടുണ്ട്. എങ്കിലും ഫ്രീ സറണ്ടർ ഭൂമി Single Stretch അല്ലാത്തതിനാൽ മുഴുവനായി അക്വിസിഷൻ നടത്തിയാൽ മാത്രമേ ടി റോഡ് വികസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മാത്രവുമല്ല കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിലുള്ള ടി |
| (ബി) | ഇത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ? | | |

റോഡ് നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറികിട്ടിയിട്ടില്ല. കൈമാറി കിട്ടിയാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ